

# കൊന്നത്തടി ഗ്രാമപഞ്ചായത്ത്

BUDGET

കൊന്നത്തടി പി.ഒ., ഇടുക്കി ജില്ല

# ബഡ്ജറ്റ്

## 2025-2026 സാമ്പത്തിക വർഷം

അവതരണം: **ശ്രീമതി സാലി കുര്യാച്ചൻ**

(വൈസ് പ്രസിഡന്റ്)

# ആമുഖം



രമ്യ റനീഷ്
(പ്രസിഡന്റ്, കൊന്നത്തടി ഗ്രാമപഞ്ചായത്ത്)

പ്രിയപ്പെട്ടവരേ,

1944 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 214-ാം വകുപ്പും സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ച് വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ, ഘടകസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും വിവരങ്ങൾ ശേഖരിച്ച് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കിയ കൊന്നത്തടി ഗ്രാമപഞ്ചായത്തിന്റെ 2025-26 സാമ്പത്തിക വർഷത്തേക്കുള്ള പ്രതീക്ഷിത വരവ് ചെലവ് കണക്കുകളാണ് ഈ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്.

പഞ്ചായത്തിന് ലഭിക്കാവുന്ന പരമാവധി വരുമാന മാർഗ്ഗങ്ങൾ പൂർണ്ണമായും വിനിയോഗിച്ച്കൊണ്ട് പഞ്ചായത്തിന്റെ അനിവാര്യവും പൊതുവായതുമായ ചുമതലകൾ ഫലപ്രദമായി നിറവേറ്റുന്നതിന് ഉതകുന്നതുമായ ബഡ്ജറ്റ് രൂപീകരണത്തിനാണ് പ്രാമുഖ്യം നൽകിയിട്ടുള്ളത്. സംസ്ഥാന ബഡ്ജറ്റ് വിഹിതവും കേന്ദ്രസർക്കാർ അനുവദിക്കുന്ന ഫിനാൻസ് കമ്മിഷൻ ഗ്രാന്റും മറ്റ് ഗ്രാന്റുകളുംസർക്കാർ നിബന്ധനകൾക്കുള്ളിൽ നിന്ന് തന്നെ ചെലവഴിക്കേണ്ടതായുണ്ട്. എന്നിരുന്നാലും ഇവയുടെ യുക്തവും ഫലപ്രദവുമായ വിനിയോഗത്തിന് വഴിയൊരുക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ പൂർത്തീകരണമായി ഈ ബഡ്ജറ്റ് തയ്യാറാക്കിയിരിക്കുന്നു.

തനത് ഫണ്ട് വരുമാനം സാധ്യമായ വഴികളിലൂടെ വർദ്ധിപ്പിച്ച്, കൂടുതൽ സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തുക എന്നത് ഈ ബഡ്ജറ്റ് മുന്നോട്ട് വയ്ക്കുന്ന ആശയമാണ്. കെട്ടിട നികുതിയിലും ലൈസൻസ് ഫീസ് ഇനത്തിലും, തൊഴിൽ നികുതി ഇനത്തിലും, വാടക, ലേലം എന്നിവയിലൂടെയും നൂറ് ശതമാനം കളക്ഷൻ ഉണ്ടാക്കുന്നതിനുള്ള നടപടി ക്രമങ്ങൾ ബഡ്ജറ്റ് നിഷ്കർഷിക്കുന്നു.

അടിസ്ഥാനപരമായി കാർഷിക മേഖലയെ ആശ്രയിക്കുന്ന കൊന്നത്തടി ഗ്രാമപഞ്ചായത്ത് അതിന്റെ വികസന ലക്ഷ്യങ്ങളിൽ കൃഷി മേഖലയ്ക്ക് പ്രാഥമിക പരിഗണന നല്കുന്നതിന് പ്രതിജ്ഞാബദ്ധമാണ്. കൃഷിമേഖല പരിപോഷിപ്പിക്കുന്നതിന്റെ ഭാഗമായി 'കൃഷി സമൃദ്ധി' പദ്ധതി നടപ്പിലാക്കുന്നതിനും മൃഗസംരക്ഷണ മേഖലയിൽ 'ക്ഷീര ഗ്രാമം' പദ്ധതി നടപ്പിലാക്കുന്നതിനും ശ്രദ്ധ പതിപ്പിച്ചിട്ടുണ്ട്. ടൂറിസം മേഖലയുടെ സാദ്ധ്യത മുന്നിൽക്കണ്ട് ടൂറിസം പരിപോഷിപ്പിക്കുന്നതിന്റെ ഭാഗമായി കരിമല, കാറ്റാടിപ്പാറ എന്നിവടങ്ങൾ ടൂറിസ്റ്റ് ഡെസ്റ്റിനേഷൻ ചലഞ്ചിൽ ഉൾപ്പെടുത്തി വികസിപ്പിക്കുന്നതിനായി ബഡ്ജറ്റ് ലക്ഷ്യമിടുന്നു.

ഓഫീസ് പ്രവർത്തനങ്ങൾക്കും അനിവാര്യ ചുമതലകൾക്കുംവേണ്ട ഫണ്ട് മാറ്റിവയ്ക്കുന്നതോടൊപ്പം മാറി വരുന്ന സാഹചര്യത്തിൽ ശുചിത്വ മേഖലയിൽ പഞ്ചായത്ത് ഏറ്റെടുക്കേണ്ടതായി വരുന്ന പുതിയ ഉത്തരവാദിത്വങ്ങൾക്ക് ബഡ്ജറ്റിൽ ഫണ്ട് വകയിരുത്തിയിരിക്കുന്നു. ശുചിത്വ - മാലിന്യ മേഖലയിൽ വലിയ ഉത്തരവാദിത്തമാണ് നമുക്ക് ഉള്ളത് . പ്രാധന ടൗണുകളിൽ പൊതു ശൗചാലയം, ടൂറിസം പോയിന്റുകളിൽ ആളുകൾക്ക് വിശ്രമിക്കുവാൻ സാധിക്കുന്ന രീതിയിലുള്ള ടേക്ക് എ ബ്രേക്ക്, പഞ്ചായത്ത് ശേഖരിക്കുന്ന പ്ലാസ്റ്റിക് ക്യത്യമായ രീതിയിൽ വേർതിരിച്ച് ഷെഡ് ചെയ്ത് സൂക്ഷിക്കുന്നതിനുള്ള എം.സി.എഫ് പണിയുന്നതിനും, ആധുനിക രീതിയിലുള്ള വാതക ശ്മശാനം നിർമ്മിക്കുന്നതിനും ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്.

രൂപയും മത്സ്യകൃഷിക്കായി 6 ലക്ഷം രൂപയും പരമ്പരാഗത വ്യവസായങ്ങളുടെ ഉന്നമനത്തിനായി 10 ലക്ഷം രൂപയും പര

ഘടക സ്ഥാപനങ്ങളുടേയും ...
നായി 5 ലക്ഷം രൂപയും, ക്രിമിറ്റോറിയം സ്ഥാപിക്കുന്നതി

ജനങ്ങളുടെ അടിസ്ഥാന ആവശ്യങ്ങളായ ഭവനം, കുടിവെള്ളം, ആരോഗ്യം എന്നിവ ലഭ്യമാക്കുന്നത് അടിയന്തിര പ്രാധാന്യത്തോടെ പഞ്ചായത്ത് ഏറ്റെടുത്തിരിക്കുന്നു. ഫാമിലി ഹെൽത്ത് സെന്ററായി ഉയർത്തപ്പെട്ട കൊന്നത്തടി പബ്ലിക് ഹെൽത്ത് സെന്ററിലെ വിവിധ വികസന പ്രവർത്തനങ്ങളും പഞ്ചായത്തിന്റെ ഉത്തരവാദിത്വമാണ്. ഈ ഉത്തരവാദിത്വം ഏറ്റെടുക്കുന്നതോടൊപ്പം സൗജന്യ മരുന്ന് വിതരണവും, ചികിത്സയും, ലാബ് സൗകര്യങ്ങളും തുടരുന്നതിനും പുതുതായി പണിയുന്ന ആരോഗ്യ ഉപകേന്ദ്രങ്ങൾ പൂർത്തിയാക്കുവാനും ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്.

പഞ്ചായത്തിന് വായ്പ തരാൻ സാധിക്കുന്ന ധനകാര്യ സ്ഥാപനത്തെ കണ്ടെത്തി കമ്പിളികണ്ടം ടൗണിൽ പഞ്ചായത്തിന്റെ സ്ഥലത്ത് ബസ്സ് സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് ലക്ഷ്യമിടുന്നു.

വനിതാ വികസനത്തിന്റെ മേഖലയിൽ ശ്രദ്ധേയമായ സേവനം കാഴ്ച വയ്ക്കുന്ന കുടുംബശ്രീ വിഭാഗവും അവർ ഏറ്റെടുത്തിട്ടുള്ള കുടുംബശ്രീ ഹോട്ടലും ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങളുമെല്ലാം പ്രത്യേക ശ്രദ്ധ അർഹിക്കുന്നു.

ആസ്തികളുടെ പുനരുദ്ധാരണവും പുതിയ റോഡുകളുടെ നിർമ്മാണവും തെരുവ് വിളക്കുകളുടെ മെയിന്റനൻസും ഏറ്റെടുക്കുവാൻ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്.

കൊന്നത്തടി ഗ്രാമപഞ്ചായത്തിന്റെ ഭാവി വാഗ്ദാനങ്ങളായ വിദ്യാർത്ഥികളുടെ സുരക്ഷയും പഠന സാഹചര്യങ്ങളും ഉയർന്ന നിലവാരത്തിലുള്ളതാക്കാൻ തുക വകയിരുത്തിയിരിക്കുന്നു.

അംഗൻവാടി കുട്ടികൾ, അഗതികൾ, അതിദരിദ്രർ എന്നിവർക്ക് തണലേകുന്ന വിധത്തിലാണ് ഈ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുള്ളത്.

കർമ്മനിരതരായ ജനപ്രതിനിധികളുടെയും സ്ഥിരോത്സാഹികളായ ജീവനക്കാരുടെയും ചിട്ടയായ പ്രവർത്തനങ്ങളും സാമ്പത്തിക അച്ചടക്കവും കൊണ്ട് പുരോഗതിയുടെ പാതകൾ താണ്ടിക്കൊണ്ടിരിക്കുന്ന കൊന്നത്തടി ഗ്രാമപഞ്ചായത്തിന്റെ ഭാവി ഭാസുരമാകുന്നതിന് ഈ ബഡ്ജറ്റ് ഒരു നിദാനമാവട്ടെ.

ജനങ്ങളുടെ ഭാവിയും നാടിന്റെ ഉന്നതിയും ഉറപ്പുവരുത്തി മുന്നോട്ടുപോകുന്നതിനുള്ള ആശയങ്ങൾ ഈ ബഡ്ജറ്റിലൂടെ സാക്ഷാത്കരിക്കട്ടെ എന്ന് ആശംസിക്കുന്നു.

**രമ്യ റനീഷ്**
(പ്രസിഡന്റ്, കൊന്നത്തടി ഗ്രാമപഞ്ചായത്ത്)

കൊന്നത്തടി ഗ്രാമപഞ്ചായത്ത്

ബഡ്ജറ്റ് 2025 – 26



**സാലി കുര്യാച്ചൻ**

(വൈസ്പ്രസിഡന്റ്,

കൊന്നത്തടി ഗ്രാമപഞ്ചായത്ത്)

# ബഡ്ജറ്റ് നിർദ്ദേശങ്ങൾ 2025 – 26

## (ബഡ്ജറ്റ് നോട്ട്)

ബഹുമാന്യരേ,

കൊന്നത്തടി ഗ്രാമപഞ്ചായത്തിന്റെ 2025 - 26 സാമ്പത്തിക വർഷത്തേയും ഈ ഭരണസമിതിയുടെ അവസാനത്തേതുമായ ബഡ്ജറ്റ് നിങ്ങളുടെ മുമ്പിൽ സമർപ്പിക്കുന്നതിൽ അതീവ ചാരിതാർത്ഥ്യവും ആത്മ സംതൃപ്തിയുമുണ്ട്.

കഴിഞ്ഞ നാല് വർഷമായി ഈ ഭരണസമിതി നടത്തിവരുന്ന വികസന പ്രവർത്തനങ്ങളുടെ പിൻതുടർച്ചയായുള്ളതാണ് 2025 - 26 സാമ്പത്തികവർഷത്തെ ബഡ്ജറ്റ്.

2025 - 26 വർഷത്തേയ്ക്കുള്ള ധനകാര്യ ബഡ്ജറ്റ് മുൻബാക്കി 4166403/- രൂപ ഉൾപ്പെടെ 493844603/- രൂപ വരവും 487110000/- രൂപ ചെലവും നീക്കിയിരുപ്പ് ബാക്കി 6734603/- രൂപയും പ്രതീക്ഷിച്ച് വിഭാവനം ചെയ്ത ബഡ്ജറ്റാണിത്

ഉല്പാദന മേഖലയായ കാർഷിക മേഖലയെ പരിപോഷിപ്പിക്കുന്നതിനായി പച്ചക്കറി കൃഷി, കിഴങ്ങു കൃഷി, ഇടവിള കൃഷി തുടങ്ങിയവയ്ക്കായി 50 ലക്ഷം രൂപയും മൃഗസംരക്ഷണ മേഖലയുമായി ബന്ധപ്പെട്ട് പശുവളർത്തൽ, ആടുവളർത്തൽ, കോഴി വളർത്തൽ, ജന്തുജന്യ രോഗ നിയന്ത്രണം എന്നിവയ്ക്കായി 55 ലക്ഷം രൂപയും ക്ഷീര വികസന മേഖലയ്ക്കായി 55 ലക്ഷം രൂപയും ഈ ബഡ്ജറ്റിൽ ഉൾകൊള്ളിച്ചിരിക്കുന്നു. മണ്ണ്, ജലസംരക്ഷണത്തിനായി 5 ലക്ഷം രൂപയും മത്സ്യകൃഷിക്കായി 6 ലക്ഷം രൂപയും പരമ്പരാഗത വ്യവസായങ്ങളുടെ ഉന്നമനത്തിനായി 10 ലക്ഷം രൂപയും പരമ്പരാഗത കെട്ടിടങ്ങളിൽ സോളാർ പവ്വർ പ്ലാന്റ് സ്ഥാപിക്കുന്നതിനായി15 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 21225000/- രൂപ ഉൽപാദന മേഖലയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

സേവന മേഖലയിൽ വിദ്യാഭ്യാസ മേഖലയ്ക്കായി 23 ലക്ഷം രൂപയും കലാ - കായിക മേഖലയ്ക്കായി 13.50 ലക്ഷം രൂപയും പൊതുജനാരോഗ്യ പ്രവർത്തനങ്ങൾക്കായി 1 കോടി 71 ലക്ഷം രൂപയും കുടിവെള്ള വിതരണത്തിനായി 48 ലക്ഷം രൂപയും, മാലിന്യ നിർമ്മാർജ്ജനം, ശുചിത്വവുമായി ബന്ധപ്പെട്ട് പുതിയ എം.സി.എഫ് നിർമ്മാണം, മറ്റ് അനുബന്ധപ്രവർത്തനങ്ങൾക്കായി 1 കോടി 20 ലക്ഷം രൂപയും പകർച്ചവ്യാധി നിയന്ത്രണത്തിനായി 3 ലക്ഷം രൂപയും ഭവനനിർമ്മാണ പ്രവർത്തനത്തിനായി 2.25 കോടി രൂപയും , വ്യദ്ധജന ക്ഷേമ പരിപാടികൾക്കായി 25 ലക്ഷം രൂപയും ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ ക്ഷേമത്തിനായി 30 ലക്ഷം രൂപയും അഗതി ക്ഷേമ പരിപാടികൾക്കായി 20 ലക്ഷം രൂപയും വനിതാ ശിശു ക്ഷേമ പരിപാടികൾക്കായി 50 ലക്ഷം രൂപയും, പട്ടിക വർഗ്ഗ ക്ഷേമത്തിനായി 962000 /- രൂപയും പട്ടികജാതി ക്ഷേമത്തിനായി 28 ലക്ഷം രൂപയും ഭവന വായ്പാ തിരിച്ചടവിനനായി 1 കോടി രൂപയും അഗതികൾക്കായുള്ള പദ്ധതികൾക്കായി 40 ലക്ഷം രൂപയും തദ്ദേശ സ്ഥാപനത്തിന്റെയും ഘടക സ്ഥാപനങ്ങളുടേയും കംപ്യൂട്ടർവൽക്കരണത്തിനായി 5 ലക്ഷം രൂപയും, ക്രിമിറ്റോറിയം സ്ഥാപിക്കുന്നതി

നായി ഒന്നാംഘട്ടം എന്ന നിലയിൽ 50 ലക്ഷം രൂപയും ടൂറിസം പരിപോഷിപ്പിക്കുന്നതിന്റെ ഭാഗമായി കരിമല, കാറ്റാടിപ്പാറ എന്നിവിടങ്ങൾ ടൂറിസ്റ്റ് ഡെസ്റ്റിനേഷൻ ചലഞ്ചിൽ ഉൾപ്പെടുത്തി വികസനിപ്പിക്കുന്നതിനായി 1 കോടി രൂപയും ഉൾപ്പെടെ 151335000/- രൂപ സേവന മേഖലയിലും ഉൾക്കൊള്ളിച്ചിരിക്കാള്ളിച്ചിരിക്കുന്നു.

പഞ്ചായത്തിന്റെ എസ്റ്റാബ്ലിഷ്മെന്റ് ചിലവുകൾക്കായി 20725000/- രൂപയും, ഭരണ ചെലുവുകൾക്കായി 49 ലക്ഷം രൂപയും നടത്തിപ്പ്, മെയ്ന്റനൻസ് ചെലവുകൾക്കായി 5550000/- രൂപയും ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

സാമൂഹ്യ സുരക്ഷാ പെൻഷൻ ഇനത്തിൽ 7.5 കോടി രൂപ വിതരണംചെയ്യുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

ദാരിദ്ര്യ ലഘൂകരണത്തിന്റെയും തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായുള്ള എം.ജി.എൻ.ആർ.ജി.എസ് പദ്ധതിക്കായി 17 കോടി രൂപയും ഈ ബഡ്ജറ്റിൽ വകയിരുത്തുന്നു.

പശ്ചാത്തല മേഖലയുമായി ബന്ധപ്പെട്ട് തെരുവുവിളക്കുകളുടെ പരിപാലനത്തിനായി 25 ലക്ഷം രൂപയും ഓഫീസ് വൈദ്യുതീകരണത്തിനായി 3 ലക്ഷം രൂപയും റോഡുകളുടെ മെയ്ന്റനൻസിനായി 1.5 കോടി രൂപയും പാലങ്ങൾ, കലുങ്കുകൾ, ചപ്പാത്തുകൾ, നടപ്പാതകൾ എന്നി

എല്ലാ രീതിയിലും ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്ന എല്ലാ വരവുകളും പഞ്ചായത്തിന്റെ വികസനം ലക്ഷ്യം വച്ചുകൊണ്ടുള്ള എല്ലാവിധ ചെലവുകളും ഉൾപ്പെടുത്തി തയ്യാറാക്കിയ 2025 - 26 വർഷത്തെ കരട് ബഡ്ജറ്റ് വിശദമായ ചർച്ചകൾക്കും ആവശ്യമായ നിർദ്ദേശങ്ങൾക്കുമായി പഞ്ചായത്ത് കമ്മിറ്റിയിൽ അവതരിപ്പിക്കുന്നു.

**സാലി കുര്യാച്ചൻ**

(വൈസ്പ്രസിഡന്റ്,

കൊന്നത്തടി ഗ്രാമപഞ്ചായത്ത്)

# കൊന്നത്തടി ഗ്രാമ പഞ്ചായത്ത്

## 2025-2026 സാമ്പത്തിക വർഷത്തെ ബജറ്റ്